പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1780 05.02.2019-ലെ മറുപടിക്ക്

## വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

ചോദ്യം — ശ്രീ.കെ. ബാബു

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2018 ൽ വാഹനാപകടത്തിൽപ്പെട്ട് മരണമടഞ്ഞവരെത്രയെന്നുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | 2018-ൽ വാഹനാപകടങ്ങളിൽ 4296 മരണങ്ങൾ നടന്നിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കുമോ? | (ബി) | വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ<br>1) <u>സേഫ് കേരള</u><br>കേരളത്തിലെ റോഡുകളെ അപകടവിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>2) <u>ശബരിമല സേഫ് സോൺ</u><br>ഉത്സവ കാലത്ത് ശബരിമല അപകടവിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശബരിമല സേഫ് സോൺ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br>3) <u>ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ</u><br>കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ് -പൊതുമരാമത്ത് - മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>4) <u>മാതൃകാ സുരക്ഷാ വീഥി</u><br>ലോക ബാങ്കിന്റെ സഹായത്തോടെ |

| | | | |
|---|---|---|---|
| | | | നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാ വീഥി ചലഞ്ച് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ മറ്റ് പാതകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.<br>5) ബോധവത്കരണ പരിപാടികൾ<br>റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന / ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ / കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധനം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തി വരുന്നു.<br>6) റോഡ് സുരക്ഷാ വാരാചരണം<br>റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക്ക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവത്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/ പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണത്തിന് ഫെബ്രുവരി 4 മുതൽ 10 വരെ സംസ്ഥാനത്തൊട്ടാകെ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>കൂടാതെ, റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് ദ്വിതല പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, ഡ്രൈവർമാർ, ഡ്രൈവിംഗ് പരിശീലനം നടത്തുന്നവർ എന്നിവർക്കുള്ള ബോധവൽക്കരണത്തോടൊപ്പം ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പാക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | എല്ലാ വർഷാരംഭത്തിലും നടത്തുന്ന റോഡ് സുരക്ഷാവാരാചരണത്തിൽ റോഡ് സുരക്ഷയുടെ പ്രാധാന്യത്തിലേക്ക് പൊതു ജന ശ്രദ്ധ ആകർഷിക്കുന്നതിന് വിവിധ പരിപാടികൾ നടത്തിവരുന്നു. Decade of Action Plan-ന്റെ ഭാഗമായി വർഷം മുഴുവൻ നീളുന്ന പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. ഇതു കൂടാതെ ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനായി എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ജനുവരി മുതൽ സേഫ് കേരള പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.മാരുടെ നേതൃത്വത്തിൽ മുഴുവൻ സമയ ചെക്കിംഗ് നടത്തുന്നതിനാവശ്യമായ എൻഫോഴ്സ്മെന്റ് ഓഫീസുകളുടെ പ്രവർത്തനം 2019 ഏപ്രിൽ മാസം മുതൽ നടപ്പിൽ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | മരണം |
|---|---|
| തിരുവനന്തപുരം സിറ്റി | 202 |
| തിരുവനന്തപുരം റൂറൽ | 342 |
| കൊല്ലം സിറ്റി | 241 |
| കൊല്ലം റൂറൽ | 226 |
| പത്തനംതിട്ട | 149 |
| ആലപ്പുഴ | 373 |
| കോട്ടയം | 279 |
| ഇടുക്കി | 88 |
| എറണാകുളം സിറ്റി | 141 |
| എറണാകുളം റൂറൽ | 317 |
| തൃശ്ശൂർ സിറ്റി | 218 |
| തൃശ്ശൂർ റൂറൽ | 229 |
| പാലക്കാട് | 347 |
| മലപ്പുറം | 367 |
| കോഴിക്കോട് സിറ്റി | 154 |
| കോഴിക്കോട് റൂറൽ | 187 |
| വയനാട് | 74 |
| കണ്ണൂർ | 233 |
| കാസർഗോഡ് | 129 |
| **ആകെ** | **4296** |

**സെക്ഷൻ ഓഫീസർ**